(ബി) ഇതിൽ ഓരോ ഫയലിനും എത്ര വർഷം കാലപ്പഴക്കം ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി). വിവരം ശേഖരിച്ചു വരുന്നു.

സമാശ്വാസ തൊഴിൽദാന പദ്ധതിയിലെ ഭേദഗതികൾ

39 (85) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ക്ളാസ് 3, ക്ളാസ് 4 വിഭാഗങ്ങളിൽ മാത്രമായി പ്രസ്തുത പദ്ധതി പ്രകാരമുള്ള നിയമനങ്ങൾ നിജപ്പെടുത്തിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവാഹിതരായ മക്കൾക്ക് ആശ്രിത നിയമനം നൽകുന്നതിനും ആശ്രിത നിയമനത്തിന് അർഹമായ വാർഷിക കുടുംബ വരുമാന പരിധി 4 1/2 ലക്ഷം രൂപയാക്കുന്നതിനുമായി 12-4-2010-ൽ സ.ഉ.(പി) 14/10/ഉ.ഭ.വ. പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി.

(ബി) ബഹു: ഹൈക്കോടതിയുടെ 10287/95 നം.ഒ.പി.യിൽ 26-7-1995-ലെ വിധിയുടെ അടിസ്ഥാനത്തിലാണ് ആശ്രിത നിയമനം സർക്കാർ സർവ്വീസിലെ ക്ലാസ് III, IV തസ്തികകളിലേക്കായി നിജപ്പെടുത്തിയിരിക്കുന്നത്.

സ്മാർട്ട്സിറ്റി പദ്ധതി

40 (86) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതി ഏത് കാലയളവിലാണ് വിഭാവനം ചെയ്തതെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ടീകോം വഴി യാഥാർത്ഥ്യമാക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്മാർട്ട്സിറ്റി പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാനം അറിയിക്കണമെന്നാവശ്യപ്പെട്ട് ടികോം അധികൃതർ സർക്കാരിന് കത്തയച്ചിരുന്നോ ;

(ഡി) എങ്കിൽ കത്തിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സ്മാർട്ട്സിറ്റി പദ്ധതിയുടെ IT/ITeS ബിൽഡിംഗിന്റെ നിർമ്മാണം closing date-ന് ശേഷം 90 ദിവസത്തിനകം തുടങ്ങേണ്ടതും അതിന്റെ പൂർത്തീകരണം Development Plan അനുസരിച്ച് ചെയ്യേണ്ടതുമാണ്. സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ Clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിം വർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റ് പറഞ്ഞിരിക്കുന്ന Clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പല പ്രാവശ്യം ശ്രമിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിനായി അവർ സ്വീകരിക്കേണ്ട നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ അത് സംബന്ധിച്ച് അവർക്ക് 3-9-2010-ൽ അന്തിമ നോട്ടീസ് അയയ്ക്കുകയും അതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2-12-2010-ൽ വീണ്ടും നോട്ടീസ് കൊടുക്കുകയും 10 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഇതിനിടെ നോർക്ക വൈസ് ചെയർമാനെ തുടർ ചർച്ചകൾക്ക് അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

സ്മാർട്ട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ പാട്ടക്കരാർ

41 (87) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ദുബൈ ടീകോമുമായി സർക്കാർ ഉണ്ടാക്കിയ പാട്ടക്കരാർ ഇൻഡ്യൻ രജിസ്ട്രഷൻ ആക്ട് പ്രകാരം ഇപ്പോൾ പ്രാബല്യത്തിലുണ്ടോ ;

(ബി) എന്നായിരുന്നു പ്രസ്തുത പാട്ടക്കരാർ ഒപ്പുവച്ചത് ;

(സി) പദ്ധതിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചത് എന്നായിരുന്നു ; അതിനുശേഷം പദ്ധതി പ്രദേശത്ത് എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly